LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ
പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 മാർച്ച് 21 തിങ്കൾ

നിയമസഭ 2005 മാർച്ച് മാസം 21-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. സുന്ദരൻ നാടാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാണ്മുഖം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ. ഓർഡർ. ചോദ്യം നമ്പർ.....(ബഹളം).....

(എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതു സംബന്ധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയിൽ എഴുന്നേറ്റുനിന്ന് ബഹളം വച്ചു.)

ഓർഡർ. ഓർഡർ. 9.30-കഴിഞ്ഞ് നിങ്ങൾക്ക് അതുസംബന്ധിച്ച് പറയാം. നിങ്ങൾ യോജിക്കണം. ചോദ്യം നമ്പർ *536.

നികുതി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

1 (*536) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്;

(ബി) ഇത് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ എപ്പോൾ പൂർത്തിയാകും ;

(സി) ഇതിനുവേണ്ടി എത്ര ചെലവാണ് പ്രതീക്ഷിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ.

(എ) (1) വാണിജ്യ നികുതി വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഫയലുകളിലെ തീർപ്പ് വേഗത്തിലാക്കുന്നതിനും വിവിധ ഓഫീസുകളിലേയും ചെക്ക്പോസ്റ്റുകളിലേയും നികുതി പിരിവ് അപ്പപ്പോൾ അറിയുന്നതിനും അവലോകനം നടത്തുന്നതിനുമായി എല്ലാ ഓഫീസുകളിലും പ്രധാന ചെക്ക് പോസ്റ്റുകളിലും കംപ്യൂട്ടറുകൾ സ്ഥാപിച്ചു. ഈ കംപ്യൂട്ടറുകളെ സംസ്ഥാന ആസ്ഥാനത്തുള്ള കേന്ദ്ര കംപ്യൂട്ടറുമായി ബന്ധിപ്പിക്കുന്നതിനുള്ള നെറ്റ്വർക്ക് ജോലികൾ പൂർത്തിയായി വരുന്നു.

(2) ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം വേഗത്തിലാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും മേജർ ചെക്ക്പോസ്റ്റുകളിലെ വാഹനങ്ങൾ പരിശോധിക്കുന്നതിനുമായി ആധുനിക യന്ത്രോപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞുകൊണ്ടിരിക്കുകയാണ്.

(3) ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് ശക്തിപ്പെടുത്തി, പാഴ്സൽ ഓഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ റിക്കാർഡുകൾ പരിശോധിച്ച് നികുതി വെട്ടിപ്പിന്റെ വിവരങ്ങൾ ശേഖരിക്കുന്നു. റെയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തുന്ന നികുതി വെട്ടിപ്പ് തടയാൻ പ്രത്യേക പരിശോധന നടത്തുന്നു. മൊബൈൽ സ്ക്വാഡുകളേയും നിയമിച്ച് നികുതി വെട്ടിപ്പുകൾ തടയുന്നു.

(4) എല്ലാ ജില്ലകളിലേയും ഡെപ്യൂട്ടി കമ്മീഷ്ണർമാർ അടക്കമുള്ള സെയിൽസ് ടാക്സ് ഓഫീസർമാരുടെ യോഗം വിളിച്ചുകൂട്ടി നികുതി പിരിവ് ഊർജ്ജിതമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(5) വാണിജ്യ നികുതി വകുപ്പിനെ നവീകരിക്കുന്നതിന്റെ ഭാഗമായി ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ്, എറണാകുളം, കോഴിക്കോട്, എന്നീ ജില്ലകളിൽ 34 പുതിയ ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കാനും പുതിയ മൊബൈൽ സ്ക്വാഡുകൾ എർപ്പെടുത്തുവാനും, വകുപ്പിന്റെ പ്രവർത്തനം കൃത്യമായി വിലയിരുത്തുന്നതിനുമായി കമ്മീഷ്ണറേറ്റിൽ ഒരു പരിശോധനാ വിഭാഗം രൂപീകരിക്കാനുമുള്ള നിർദ്ദേശങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ചു വരികയാണ്. തിരുവനന്തപുരം, കോട്ടയം, എന്നിവിടങ്ങളിൽ വാണിജ്യ നികുതി കോംപ്ലക്സുകൾ സ്ഥാപിക്കാനുമുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. തൃശ്ശൂരിൽ വാണിജ്യ നികുതി കോംപ്ലക്സ് സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(6) നികുതി പിരിക്കൽ കൂടുതൽ ലളിതവും വേഗത്തിലുമാക്കുന്നതിന് വേണ്ടി സ്പെഷ്യൽ സർക്കിളുകളിൽ ഉള്ള വ്യാപാരികൾക്ക് ഇലക്ട്രോണിക് ഐഡന്റിറ്റി കാർഡ് നൽകുന്നതിനുള്ള സംവിധാനം കെൽട്രോൺ മുഖേന നടപ്പാക്കിവരുന്നു.

(ബി) കഴിയുന്നതും വേഗം പൂർത്തിയാക്കുന്നതിന് ശ്രമിക്കുന്നതാണ്.

(സി) വാണിജ്യ നികുതി വകുപ്പിൽ കംപ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതിന് 7.90 കോടി രൂപ ഇതുവരെയായി ചെലവായി. ഇനി 4 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. മോഡേണൈസേഷൻ പ്രവർത്തനങ്ങൾക്കായി ഫർണീച്ചർ, ഫോട്ടോ കോപ്പിയർ, ഫ്രാങ്കിംഗ് മെഷീൻ, ഫാക്സ് മെഷീൻ, ക്യാഷ്ചെസ്റ്റ്, നിയമപുസ്തകങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനായി 138.12 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു.

ശ്രീ. പി. കെ. കെ. ബാവ : സർ, നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് ഒട്ടേറെ നടപടികൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ ഈ നടപടികളൊക്കെ നടക്കുന്നുവെന്നുള്ളത് ശരിയാണ്. എന്നിട്ടും നികുതി വെട്ടിപ്പ് നമ്മുടെ സംസ്ഥാനത്ത് സുലഭമാണെന്നുള്ള വസ്തുത പരിശോധിച്ച്, എന്താണ് ഇതിനിടയാക്കുന്ന സാഹചര്യമെന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ വക്കം പുരുഷോത്തമൻ : സർ, നികുതിവെട്ടിപ്പ് ഒരു പരിധിവരെയുണ്ടെന്നുള്ളത് സത്യമാണ്. പക്ഷേ വാറ്റ് നടപ്പിലായിക്കഴിയുമ്പോൾ ഇത് കുറച്ചുകൂടി transparent ആകുകയും നികുതി തരാതിരിക്കുന്ന evasion വളരെയധികം കുറയുകയും ചെയ്യുമെന്നാണ് ഗവൺമെന്റ് കണക്കാക്കിയിട്ടുള്ളത്.

ശ്രീ. പി. കെ. കെ. ബാവ : സർ, നികുതി വെട്ടിപ്പ് നടത്തുന്ന ആളുകൾ ജനങ്ങളോട് കടുത്ത ശത്രുതയാണ് കാണിക്കുന്നത് എന്നുള്ള കാര്യത്തിൽ ആർക്കും തർക്കമില്ല. എന്നാൽ അങ്ങനെയുള്ള നികുതി വെട്ടിപ്പ് സമ്പ്രദായത്തിന് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥന്മാരുണ്ട്. അവരുടെ അറിവോടുകൂടി പലപ്പോഴും നികുതി വെട്ടിപ്പിന് ഇരയാകുന്നുണ്ട്. അതിനെത്തുടർന്ന് ചില നടപടികളും സ്വീകരിക്കുന്നുണ്ട്. പക്ഷേ നടപടികൾ കൊണ്ടൊന്നും വെട്ടിപ്പു തടയുന്നതിനുള്ള സാഹചര്യം ഇവിടെ സൃഷ്ടിക്കുന്നില്ല എന്നുള്ള കാര്യം പരിഗണിച്ച് ഇവിടെ ചില സ്കാഡുകളെക്കുറിച്ചു പറഞ്ഞു. ഇവിടെ ഒട്ടേറെ സ്കാഡുകളുണ്ട്. പക്ഷേ സ്കാഡുകളെ പരിശോധിക്കാൻ വേറെ സ്കാഡ് എന്നുള്ള രീതിയിൽ നമ്മുടെ സംവിധാനങ്ങൾ പോയിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥന്മാർ നികുതി വെട്ടിപ്പുമായി ബന്ധപ്പെടുന്നു എന്ന് ബോധ്യപ്പെട്ടാൽ അവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് മാതൃകാപരമായ ശിക്ഷ നൽകുന്നതിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, നികുതി വകുപ്പിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ചില പ്രവണതകളുണ്ട്. പക്ഷേ അത് പരമാവധി കുറയ്ക്കുകയും ശ്രദ്ധയിൽപ്പെടുന്നവയിൽ കർശനമായ നടപടികളെടുക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. കുറെയധികം കുറയ്ക്കാൻ കഴിഞ്ഞു എന്നാണ് വിശ്വാസം.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, വാണിജ്യ സ്ഥാപനങ്ങളുടെ വർഷാവർഷ final assessment എത്രകൊല്ലംവരെയുള്ള ഫയലുകളിൽ തീരുമാനമാകാതെ കിടക്കുന്നുണ്ടെന്നും പ്രസ്തുത അസ്സസ്മെന്റിനു മാത്രമായി സെയിൽസ് ടാക്സ് ഓഫീസർമാരെ നിയമിച്ച് വർഷാവർഷം ഈ അസ്സസ്മെന്റ് പൂർത്തീകരിക്കുന്നതിനുമാവശ്യമായ അടിയന്തര നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ആ രീതിയിലുള്ള ഒരു ഡ്രൈവ് നടന്നുകൊണ്ടിരിക്കുകയാണ്. പക്ഷേ എത്രയെണ്ണം പൂർത്തിയാക്കാതെ കിടക്കുന്നു എന്നുള്ളത് പ്രത്യേക ചോദ്യമായി ചോദിച്ചാൽ മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഏറ്റവുമധികം അതിർത്തി ചെക്ക്പോസ്റ്റുകളുള്ള ഒരു ജില്ലയാണ് കാസർഗോഡ്. വളരെ ഇടുങ്ങിയ ഒരു വാടകക്കെട്ടിടത്തിലാണ് ഇപ്പോൾ സെയിൽസ് ടാക്സ് ഓഫീസ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. അടിയന്തരമായി കാസർഗോഡ് ഒരു വാണിജ്യ കോംപ്ലക്സ് സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ശ്രീ. വക്കം പുരുഷോത്തമൻ: അക്കാര്യം പരിശോധിക്കാം.

ശ്രീ. സി. മമ്മൂട്ടി: സർ, ഇവിടെ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും വകുപ്പ് നന്നാക്കുന്നതിനുംവേണ്ടി ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിക്കുകയുണ്ടായി. നികുതി പിരിക്കുന്നതിനുവേണ്ടി ശക്തമായ നടപടി സ്വീകരിക്കുമ്പോൾ തന്നെ നികുതി വെട്ടിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചാണ് എല്ലാവരും ചിന്തിച്ചു കൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ചെക്ക്പോസ്റ്റുകളിൽ തന്നെ എല്ലാവരും ട്രാൻസ്ഫർ വേണമെന്നു പറയുന്നത്. അത് പൈസ കൂടുതലുണ്ടാക്കാൻ വേണ്ടിയാണല്ലോ. അത് പരസ്യമായി അംഗീകരിക്കുകയും ചെയ്യുകയാണ്. വാസ്തവത്തിൽ ഇവിടെ ജീവനക്കാരുടെ സമരം നടന്നപ്പോൾ, പ്രത്യേകമായ വേറൊരു വിഭാഗത്തെ ഏല്പിച്ചപ്പോൾ അന്ന് വരുമാനം കൂടിയെന്ന് നിയമസഭയിൽ തന്നെ മറുപടി പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ ഏറ്റവും നല്ല ഉദ്യോഗസ്ഥന്മാർ എല്ലാ സർവ്വീസുകളിലുമുണ്ടാകും. നികുതി വകുപ്പിലെ ഏറ്റവും നല്ല ഉദ്യോഗസ്ഥന്മാരെ വച്ചുകൊണ്ട് ചെക്ക്പോസ്റ്റുകളിലെ വരുമാനത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടോയെന്ന് പരിശോധിക്കണം. ഏറ്റക്കുറച്ചിലുണ്ടെങ്കിൽ എറ്റവും നല്ല വരുമാനം കിട്ടുന്ന സമയത്തുള്ള ഉദ്യോഗസ്ഥന്മാരെത്തന്നെ ചെക്ക്പോസ്റ്റുകളിൽ നിയോഗിച്ചുകൊണ്ട് ഊർജ്ജിതമായി നികുതി വകുപ്പ് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ : സർ, ചെക്ക് പോസ്റ്റുകളിൽ കുഴപ്പങ്ങളുണ്ടെന്നുള്ളത് ഒരു സത്യമാണ്. പക്ഷേ അത് കുറയ്ക്കുന്നതിന് വേണ്ടി ഗവൺമെന്റ് എടുത്ത നടപടികളുടെ ഫലമായി ജനുവരിവരെയുള്ള വരുമാനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ 58% ഈ വർഷം വർദ്ധനവുണ്ടായിട്ടുണ്ട്. അപ്പോൾ കാര്യമായ ഒരു വർദ്ധനവ് ഈ വർഷമുണ്ടാകുന്ന രീതിയിൽ കുറെ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റിന് കഴിഞ്ഞു.

ശ്രീ. സി. മമ്മൂട്ടി : സർ, ഇവിടെയിപ്പോൾ ചെക്ക്പോസ്റ്റുകളിൽ വരുന്ന ലോഡിൽ എന്തു സാധനമാണ് വരുന്നതെന്നുള്ളത് അറിയില്ല. അതുപോലെതന്നെ ഒട്ടേറെ കൃത്രിമങ്ങളുമൊക്കെ നടക്കുന്നു. ഇത് സുതാര്യമായി കൊണ്ടു പോകുന്നതിന് എന്തെങ്കിലും റഡാറോ നിരീക്ഷിക്കുന്നതിനാവശ്യമായ മറ്റ് സംവിധാനമോ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ? അങ്ങനെയെങ്കിൽ അത് പരിശോധിക്കാൻ അവിടെ വിജിലൻസ് സ്കാഡ് ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ലോറിയിൽ ഒളിച്ചു കടത്തുന്ന സാധനങ്ങൾ മുഴുവൻ കണ്ടുപിടിക്കാൻ കഴിയുന്നില്ല എന്ന സംശയം ഗവൺമെന്റിനുമുണ്ട്. അതുകൊണ്ടാണ് ഒരു സ്കാനർ വാങ്ങുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചത്. അപ്പോൾ പ്രധാനമായി രണ്ട് ബുദ്ധിമുട്ടുകളാണുള്ളത്. ഒന്ന്, സ്കാനറിനുതന്നെ 10 കോടിയിൽചിലാനം രൂപ വിലവരുന്നു. രണ്ട്, ഇവിടെ ചില സ്ഥലത്ത് ഉപയോഗിക്കുന്ന സ്കാനറിന്റെ റിസൾട്ട് നോക്കിയിട്ട് കാർഡിയോഗ്രാം നോക്കുന്നതുപോലെ അത് ആർക്കും മനസ്സിലാകില്ല. അതുകൊണ്ട് ഇങ്ങനെ 10 കോടിയിൽചിലാനം രൂപ ചെലവാക്കി വാങ്ങിയിട്ട് അത് വ്യക്തമായി മനസ്സിലാക്കാൻ പറ്റാത്ത സാഹചര്യമുണ്ടാവുകയാണെങ്കിൽ അത് ഭീമമായ നഷ്ടമാണ്. അതുകൊണ്ടാണ് ഗവൺമെന്റ് വളരെ കാര്യമായി അതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ പുതിയ ചിലയാളുകൾ പുറത്തുനിന്നും വന്നിട്ടുണ്ട്. അവരുടെ റിസൾട്ടും നമ്മൾ പരിശോധിച്ച് ഉദ്യോഗസ്ഥരെല്ലാം അതിന്റെ സ്പെഷ്യലിസ്റ്റായിരിക്കുകയില്ല. അപ്പോൾ കുറെ സ്പെഷ്യലൈസ്ഡ് ഉദ്യോഗസ്ഥന്മാരുണ്ടായാലെങ്കിലും ഈ സ്കാനറിന്റെ റിസൽട്ട് നല്ലതുപോലെ വാങ്ങുന്നതിനുള്ള സാഹചര്യമുണ്ടാവുകയാണെങ്കിൽ പണം കൂടുതലാണെങ്കിലും സ്കാനർ വാങ്ങണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ തീരുമാനം.

ശ്രീ. ടി. പി. എം. സാഹിർ : സർ, അങ്ങിവിടെ ഉത്തരം നൽകിയതിൽ consumers-ന് Electronic identity card system വേഗത്തിൽ നടപ്പിലാക്കാൻ ശ്രമിക്കുമെന്ന് പറഞ്ഞു. നമുക്ക് ഒരു നയമുണ്ട്. വണ്ടിയുടെ മുമ്പിലാണ് കാള. സാധാരണ കാള പിന്നിൽ പോകുന്ന ഒരു നയമാണ് ഗവൺമെന്റിനുള്ളത്. കാരണം ഇപ്പോൾ consumers എല്ലാം ഇലക്ട്രോണൈസ് ചെയ്തു കഴിഞ്ഞു. Computerised parcel service വരെയുള്ള സ്ഥാപനങ്ങൾ ഇന്ന് ഇന്ത്യയിൽ വർക്കു ചെയ്യുന്നുണ്ട്. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിൽ ഫസ്റ്റ് സർക്കിൾ,

സെക്കന്റ് സർക്കിൾ, തേർഡ് സർക്കിൾ എന്നു പറഞ്ഞ് വിവിധ സർക്കിളുകളുണ്ട്. ഏതെങ്കിലും ഒരു സർക്കിളിന്റെ കീഴിൽ കമ്പ്യൂട്ടറൈസ് ചെയ്ത സ്ഥാപനങ്ങളെ പെടുത്തി വേഗത്തിൽ ഗവൺമെന്റ് ആ സംവിധാനത്തിലേയ്ക്കു വരാൻ മുന്നോട്ടു വരുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, കമ്പ്യൂട്ടറൈസ്ഡ് കാർഡ് കൊടുത്തു കൊണ്ടിരിക്കുകയാണ്. അതാരംഭിച്ചു കഴിഞ്ഞു.

ശ്രീ. ടി. പി. എം. സാഹിർ : സർ, Material Scanner-നെപ്പറ്റി അങ്ങിവിടെ ശ്രദ്ധിച്ചോ? അതു എത്രത്തോളം വിജയിക്കും. Metal Scanner ഉണ്ട്. അതുപോലെ തന്നെ ആർട്ടിക്കിൾസിലൊക്കെ ഇപ്പോൾ pulses ഉണ്ട്. Pulses-ലൂടെ പാസ്സ് ചെയ്ത് പോകുന്ന സ്കാനറുകളിലെ ഉപയോഗം എങ്ങനെയാണെന്ന് കണ്ടുപിടിക്കാനുള്ള വലിയൊരു സംവിധാനം നമുക്കാവശ്യമാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. കമ്പ്യൂട്ടറൈസ്ഡ് പാഴ്സൽ സർവ്വീസിലുള്ളവരുടെ ലിസ്റ്റ്, ബോംബെയിൽ നിന്നും പുറപ്പെട്ടാൽ, അതിന്റെ ഒരു കോപ്പി നമ്മുടെ destination point-ലേക്ക് എത്തിക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കാൻ ശ്രമിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : അതു പരിശോധിക്കാം.

ശ്രീ. വി. കെ. സി. മമ്മത് കോയ : സർ, നികുതിയെപ്പറ്റി പറഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, 'വാറ്റ്' നടപ്പാക്കുന്നതിനെ സംബന്ധിച്ച് വലിയ വിവാദം നടക്കുന്ന കാലഘട്ടമാണ്. 'വാറ്റ്' നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നുണ്ടെങ്കിലും ഇടയ്ക്കു വരുന്ന റിപ്പോർട്ടുകളെല്ലാം സംശയം ഉദിപ്പിക്കുന്ന തരത്തിലുള്ളതാണ്. അത്തരമൊരു സാഹചര്യത്തിൽ 'വാറ്റ്' നടപ്പിലാക്കുമോ ഇല്ലയോ എന്നു ഉറപ്പിച്ചു പറയാൻ മന്ത്രിക്കു കഴിയുമോ ?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, ഏപ്രിൽ 1-ാം തീയതി 'വാറ്റ്' നടപ്പിലാക്കുവാനുള്ള എല്ലാ നടപടികളും ഗവൺമെന്റ് പൂർത്തീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, നികുതി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അഭിമാനകരമായി പ്രവർത്തിക്കേണ്ടുന്ന വാളയാർ ചെക്ക്പോസ്റ്റിലെ സജ്ജീകരണങ്ങൾ ആവശ്യത്തിനു മതിയാകുന്ന നിലയിലല്ല അവിടത്തെ പ്രവർത്തനങ്ങൾ എന്നും, ആസ്ഥാനവുമായി ബന്ധിപ്പിക്കുകയും ആവശ്യത്തിനുവേണ്ടുന്ന സജ്ജീകരണങ്ങൾ ചെയ്യുകയും ചെയ്ത് അവിടത്തെ നികുതി പിരിവ് മെച്ചപ്പെട്ട നിലയിലാക്കുന്നതിന് വേണ്ടിയുള്ള ഒരു പദ്ധതി തയ്യാറാക്കുമോ? അതു സമയബന്ധിതമായി നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, ഞാൻ അവിടെ പോയി പരിശോധിച്ചതാണ്. അവിടത്തെ അറേഞ്ച്മെന്റ്സിൽ എനിക്ക് അത്ര തൃപ്തിയില്ല. ചില നടപടികൾ സ്വീകരിച്ചുവെങ്കിലും വീണ്ടും വേറെ ചില നടപടികൾകൂടി സ്വീകരിക്കണമെന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ട്. വാളയാർ ചെക്ക്പോസ്റ്റിൽ ശരിയായ റോഡിൽക്കൂടി വരുന്നതിനെക്കാൾ മറ്റു പലവഴിക്കു കൂടിയും

LIBRARY ARCHIVES Kerala Legislative Assembly

കള്ളക്കടത്തു നടക്കുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. സ്വകാര്യ വ്യക്തികളുടെ പുരയിടത്തിൽ കൂടിയും കള്ളക്കടത്തു നടത്തുന്നുണ്ട്. കഴിഞ്ഞ തവണ ഞാൻ അവിടെ പോയ സമയത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരോട് അങ്ങനെയുള്ള വ്യക്തികളെ അറസ്റ്റു ചെയ്തു വേണമെങ്കിലും നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകി. ഇതുവരെ നടപടികൾ ഒന്നും നടന്നതായി കണ്ടില്ല. ഏതായാലും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അടിയന്തരമായി ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാൽ ഉടൻ തന്നെ എങ്ങനെ കർശനമായി നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് അവിടത്തെ ജനപ്രതിനിധികളുമായി കൂടിയാലോചിക്കാം. ജനങ്ങളുടെ കൂടി സഹായം ഉണ്ടെങ്കിൽ മാത്രമേ ഇമ്മാതിരിയുള്ള കള്ളക്കടത്ത് പൂർണ്ണമായും തടയാൻ കഴിയൂ. നമുക്ക് അതിനാവശ്യമായ നടപടികൾ സ്വീകരിക്കാം.

ശ്രീ. രാജു എബ്രഹാം : സർ, ഏപ്രിൽ 1-ന് 'വാറ്റ്' നടപ്പാക്കുമെന്ന് ഇതുവരെ പ്രഖ്യാപിച്ചിരുന്ന അങ്ങയുടെ വാക്കുകളിൽ വല്ലാത്ത ഒരു വിറയൽ അനുഭവപ്പെടുന്നതായിട്ടാണ് എനിക്കു ഇപ്പോൾ തോന്നുന്നത്. എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത് 'വാറ്റ്' നടപ്പിലാക്കുമ്പോൾ, റബ്ബർ വ്യാപാര രംഗത്ത്, ലാസ്റ്റ് പോയിന്റ് ടാക്സിൽ നിന്നും ഫസ്റ്റ് പോയിന്റിലേയ്ക്കു ടാക്സ് മാറുകയാണ്. അതായത് 4 ശതമാനം ഏർപ്പെടുത്തും. ഫലത്തിൽ കൃഷിക്കാരന്റെ പക്കൽ നിന്നും ഈ ടാക്സ് ചെറുകിട വ്യാപാരികൾ ഈടാക്കും. ലാസ്റ്റ് പോയിന്റിലാകുമ്പോൾ തേർഡ് കമ്പനിക്കാരാണ് കൊടുക്കുന്നത്. അതുകൊണ്ട് 'വാറ്റ്' നടപ്പിലാക്കിയാൽ ഈ ലാസ്റ്റ് പോയിന്റിലെ ടാക്സ് നിലനിർത്താനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ സാധിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. വക്കം പുരുഷോത്തമൻ : സർ, 'വാറ്റ് നടപ്പിലാക്കുമോ ഇല്ലയോ എന്ന കാര്യത്തിൽ എന്റെ ശബ്ദത്തിൽ മാറ്റമൊന്നുമില്ല. ഇപ്പോൾ ഗവൺമെന്റിന്റെ മുമ്പിൽ ഒരു പ്രശ്നമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ഒരു വാക്കിനെ പിടിച്ചാണ് ഈ ചോദ്യം ഉന്നയിച്ചതെന്ന് എനിക്കറിയാം. പകുതിയിൽ കൂടുതൽ സംസ്ഥാനങ്ങൾ 'വാറ്റ് നടപ്പിലാക്കിയിട്ടില്ലെങ്കിൽ കേരളത്തിലും നടപ്പാക്കരുതെന്നുള്ള ഒരു ഡിമാന്റാണ് വന്നിട്ടുള്ളത്. ഗവൺമെന്റ് അതു സമ്മതിച്ചു. പക്ഷേ പകുതിയിൽ കൂടുതൽ സംസ്ഥാനങ്ങൾ വാറ്റ് നടപ്പിലാക്കുന്നില്ല എങ്കിൽ കേരളത്തിൽ ഇതു നടപ്പിലാക്കുകയില്ല എന്നല്ല ഏപ്രിൽ 1-ാം തീയതി നടപ്പിലാക്കുന്നത് മാറ്റി വയ്ക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് പര്യാലോചിക്കുകയാണ് ചെയ്യാൻ പോകുന്നത്. പക്ഷേ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പകുതിയിൽ കൂടുതൽ സംസ്ഥാനങ്ങൾ നടപ്പാക്കുമെന്നുള്ള ഉറച്ച വിശ്വാസമുണ്ട്. അതുകൊണ്ട് ഏപ്രിൽ 1-ാം തീയതി തന്നെ ഇതു നടപ്പിലാക്കുവാനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്.

ശ്രീ. സി.പി. മുഹമ്മദ് : സർ, വാളയാർ ചെക്ക്പോസ്റ്റിന് സമീപം പുരയിടങ്ങളിൽക്കൂടി ചരക്ക് കൊണ്ടുവരുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നമ്മുടെ അതിർത്തി പ്രദേശങ്ങളിൽ ഇടറോഡുകളിലൂടെ വ്യാപകമായി നികുതി വെട്ടിച്ച് സാധനങ്ങൾ കേരളത്തിലേക്കു കൊണ്ടുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മൊബൈൽ സ്കാഡുകളുടെ അപര്യാപ്തതയാണ് ഇതിനുള്ള പ്രധാനപ്പെട്ട കാരണം. അതുകൊണ്ട് ധാരാളം ഉപഗ്രാഡുകളുള്ള പ്രദേശങ്ങളിൽ മൊബൈൽ സ്കാഡുകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ധാരാളം ഗ്രാമപഞ്ചായത്തുകളുടെ റോഡുകൾ വന്നു. ആ റോഡുകൾ പലതും തമിഴ്നാടുമായി ബന്ധപ്പെടുത്തിയുള്ള റോഡുകളാണ്. പണ്ടുണ്ടായിരുന്നതിനെക്കാൾ ധാരാളം ബൈലൈനുകൾ തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് പ്രവേശിക്കുന്നതിനായിട്ടുണ്ട്. അതുകൊണ്ട് ഫ്ളൈയിംഗ് സ്കാഡുകൾ കൂറച്ചുകൂടി ശക്തമാക്കുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കുന്നതിന് ഏർപ്പാടുകൾ ചെയ്യും.

ശ്രീ. കെ. മോഹൻകുമാർ : സർ, വിവിധ ഉൽപ്പന്നങ്ങൾ, സംസ്ഥാനത്തിനകത്തായാലും പുറത്തായാലും, സ്റ്റോക്ക് ട്രാൻസ്ഫർ നടത്തുമ്പോൾ അതിന് വാറ്റിൽ നികുതി ബാധകമല്ലെന്നാണ് മനസ്സിലാക്കുന്നത് അങ്ങനെ വരുമ്പോൾ വലിയ വലിയ സൂപ്പർ മാർക്കറ്റുകൾ അതിൽ നിന്നും രക്ഷപ്പെടുകയും ചെറിയ വ്യാപാരികൾ, അവർ വാങ്ങലിന്റെ ഓരോ ഘട്ടത്തിലും, രണ്ടും മൂന്നും തവണ നികുതി വിധേയമാക്കി വാങ്ങുന്ന വസ്തുക്കൾ, ചെറിയ വ്യാപാരികൾ വിൽക്കുമ്പോൾ അവർക്ക് വില കൂട്ടി വിൽക്കേണ്ടതായും വരുന്നു. ഇത്തരമൊരു സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, നമ്മൾ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത് ആൾ ഇന്ത്യാ പാറ്റേൺ ആണ്. ആൾ ഇന്ത്യാ പാറ്റേണിൽ നിന്നും വ്യതിചലനമുള്ളത്, അതായതു സംസ്ഥാനങ്ങൾക്ക് ആ സംസ്ഥാനത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് പത്തു സാധനങ്ങൾക്ക് exemption കൊടുക്കാമെന്നുള്ളതു മാത്രമാണ് ഇതിൽ വന്നിട്ടുള്ള ഒരു വ്യതിയാനം ; അതുകൊണ്ട് സിസ്റ്റം ഏർപ്പാടല്ല നല്ലത്. പിന്നെ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ വിൽക്കുന്നിടത്തെല്ലാം ടാക്സ് വരുന്നതുകൊണ്ട് വില കൂടും എന്നു പറയുന്നത്, അതു പല സ്ഥലത്തുമുണ്ടെങ്കിലും ഈ സെറ്റ് ഓഫ് ഉള്ളതുകൊണ്ട് അതിന്റെ ടാക്സ് വളരെ കുറവാണ്. നൂറു രൂപയ്ക്ക് ഒരു സാധനം വാങ്ങിച്ചു. അതിനു പത്തു രൂപ ടാക്സുണ്ടെങ്കിൽ ആ പത്തു രൂപ ടാക്സ് കൊടുത്തു കഴിഞ്ഞാൽ അതു 120 രൂപയ്ക്കു കൊടുക്കുകയാണെങ്കിൽ അതിനു ഒരു രൂപ മാത്രമായിരിക്കും ടാക്സ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറയുന്ന ആശങ്കയ്ക്ക് ഒട്ടും അവകാശമില്ലെന്നു മാത്രമല്ല ഈ സെറ്റ് ഓഫ് ഉള്ളതുകൊണ്ട് വില കുറയാനാണ് സാധ്യത.

ശ്രീ. എം. വി. ജയരാജൻ : സർ, പുതിയ സാമ്പത്തിക വർഷം ആരംഭിക്കാൻ ഇനി പത്തു ദിവസം മാത്രമേയുള്ളൂ. 'വാറ്റ്' സംബന്ധിച്ച അനിശ്ചിതത്വം ഇപ്പോഴും നിലനിൽക്കുകയാണ്. മാത്രമല്ല ഈ ദിവസങ്ങളിൽ 'വാറ്റ്' നടപ്പാക്കുമോ ഇല്ലയോ എന്നുള്ളതിനെ ആശ്രയിച്ചു നിൽക്കുകയാണ് നമ്മുടെ നികുതി ചോർച്ച തടയുന്നതിനുള്ള നടപടികൾ. വ്യാപാര സമൂഹമാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

പല സാധനങ്ങളും ഇവിടെ കൊണ്ടുവരുന്നില്ല. മാർക്കറ്റിൽ അരിയുടെ കച്ചവടംപോലും നടക്കുന്നില്ല. ഇതു സാധനങ്ങളുടെ വില കയറുന്നതിനിടയാക്കുകയാണ്. ധനകാര്യമന്ത്രിമാരുടെ കോൺഫറൻസിൽ എടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ സംസ്ഥാനങ്ങളിലും ഇതു നിൽക്കുന്നുണ്ടോ? ഛത്തീസ്ഗഢ്, മധ്യപ്രദേശ്, തമിഴ്നാട്, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ അതി ശക്തമായി ഇതിനെതിരായിട്ടുള്ള നിലപാട് സ്വീകരിക്കുമ്പോൾ, ഇതു സംബന്ധിച്ച് ഒരു റിവ്യൂ മീറ്റിംഗ് ധനകാര്യ മന്ത്രിമാരുടെയടക്കം കേന്ദ്രതലത്തിൽ ചേർന്നുകൊണ്ട്, കേന്ദ്ര ഗവൺമെന്റിന്റെ കൂടി സാന്നിദ്ധ്യത്തിൽ അതിൽ ഒരു വ്യക്തത വരുത്തിയില്ലെങ്കിൽ ഏപ്രിൽ ഒന്നു മുതൽ ഉണ്ടാകുന്ന അനിശ്ചിതാവസ്ഥയും നികുതി ചോർച്ചയും അതു മൂലമുണ്ടാകുന്ന വിലക്കയറ്റവും തടയാൻ ഗവൺമെന്റ് ഫലപ്രദമായ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, ഈ മാസം 7-ാം തീയതിയാണ് എല്ലാ സംസ്ഥാനത്തിലേയും ധനകാര്യ വകുപ്പുമന്ത്രിമാരുൾപ്പെട്ട Empowered Committee കൂടിയത്. അന്ന് അവിടെ വന്ന ചിത്രം യു.പി-യും ഝാർഖണ്ഡും ഇത് നടപ്പിലാക്കുന്നില്ല. ഝാർഖണ്ഡ് നിയമം പാസ്സാക്കിയതാണ്. പക്ഷേ അവിടെയുണ്ടായ പൊളിറ്റിക്കൽ ഡെവലപ്മെന്റുകൊണ്ട് അവർക്ക് ആ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. യു.പി-യെ സംബന്ധിച്ചിടത്തോളം ഇത് നടപ്പിലാക്കുകയില്ലെന്നുള്ള ഒരു നിലപാട് ആദ്യം മുഖ്യമന്ത്രി സ്വീകരിച്ചിരുന്നു. എന്നാൽ Empowered Committee ചെയർമാൻ യു.പി. മുഖ്യമന്ത്രിയുമായി സംസാരിച്ചപ്പോൾ അദ്ദേഹം ഇതിനെക്കുറിച്ച് കൂടുതൽ പരിശോധിക്കുന്നതിന് വേണ്ടി ഉദ്യോഗസ്ഥൻമാരുടെ ഒരു ടീമിനെ അയയ്ക്കാമെന്ന് Empowered Committee ചെയർമാന് വാക്കുകൊടുത്തുവെന്നാണ് അദ്ദേഹം അന്ന് പറഞ്ഞത്. തമിഴ്നാടിനെ സംബന്ധിച്ച് ഒരു അനിശ്ചിതത്വം ഉണ്ടായിരുന്നു. അവർ നടപടിയെടുത്തതാണ്. അവിടത്തെ മുഖ്യമന്ത്രിക്കുതന്നെ വാറ്റ് സിസ്റ്റത്തിലേക്ക് പോകണമെന്നുള്ള അഭിപ്രായ ഐക്യമുണ്ടായിരുന്ന ഒരാളാണ്. പക്ഷേ ഇപ്പോൾ എന്തുകൊണ്ടോ ഒരു ചെറിയ അനിശ്ചിതത്വം അവിടെ വന്നു. പക്ഷേ അവസാനമായ ഒരു തീരുമാനം അവർ എടുത്തിട്ടില്ല. പക്ഷേ ബി.ജെ.പി ഭരിക്കുന്ന മൂന്ന് നാല് സംസ്ഥാനങ്ങളുടെ തീരുമാനം വന്നപ്പോഴാണ് ഒരു ചെറിയ അനശ്ചിതത്വം വന്നത്. എന്നാൽക്കൂടി ആറോ ഏഴോ സംസ്ഥാനം മാത്രമേ നടപ്പിലാക്കാതിരിക്കുകയുള്ളൂ. ഗവൺമെന്റ് എടുത്തിരിക്കുന്ന നിലപാട് ഭൂരിപക്ഷം സംസ്ഥാനങ്ങളിലും നടപ്പിലാക്കിയില്ലെങ്കിൽ നമ്മൾ കുറെക്കൂടി വെയിറ്റ് ചെയ്യാമെന്നുള്ളതാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നല്ല നിശ്ചയമുണ്ട്. അങ്ങനെയൊരു സാഹചര്യമുണ്ടാകില്ല. ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഏപ്രിൽ ഒന്നാം തീയതി തന്നെ വാറ്റ് നടപ്പിലാക്കാനുള്ള എല്ലാ നടപടികളുമായി മുന്നോട്ടു പോകുകയാണ്.

ശ്രീ. മത്തായി ചാക്കോ : സർ, ഇവിടെ വിശദീകരിച്ച കാര്യങ്ങൾ വീണ്ടും കൺഫ്യൂഷൻ ഉണ്ടാക്കുകയാണ്. നമ്മുടെ നിയമസഭ നികുതി ഘടനയിൽ മാറ്റംവരുത്തിക്കൊണ്ടുള്ള ബിൽ പാസ്സാക്കി. വാറ്റ് നടപ്പിലാക്കുന്നതിനാവശ്യമായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ടാക്സ് സിസ്റ്റത്തിൽ മാറ്റം വരുത്തി. ഇതൊക്കെ റെഡിയായിട്ട് നിർത്തുകയാണ്. പക്ഷേ ഇന്ന് പത്രത്തിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത് മുഖ്യമന്ത്രിയുൾപ്പെടെയുള്ള ആളുകൾ വ്യാപാരികളുടെ കടയടപ്പും മറ്റും പരിഗണിച്ചുകൊണ്ട് വാറ്റ് നടപ്പിലാക്കുന്നത് കുറച്ചുകൂടി നീട്ടിവയ്ക്കാൻ ഗവൺമെന്റ് ആലോചിച്ചു കൊണ്ടിരിക്കുന്നുവെന്നാണ്. ഒരു തീരുമാനമെടുത്താൽ നടപ്പാക്കുന്ന ഒരാളാണെന്നാണല്ലോ അങ്ങയെപ്പറ്റി അറിയുന്നത്. ഒരു ഫയൽമാനെപ്പോലെ നിൽക്കുന്ന അങ്ങ് 'വാറ്റ്' നടപ്പിലാക്കുന്നത് നീട്ടിവയ്ക്കുന്നതിനെ പ്രതിരോധിക്കാൻ വേണ്ടി എന്തെല്ലാം അടവ് മുറകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഞാനും ഒരു ജനാധിപത്യ വിശ്വാസിയാണ്. അതുകൊണ്ട് മെജോറിറ്റി ആളുകൾ പറയുന്ന ഏതുകാര്യവും ചെയ്യാൻ ഞാൻ നിർബന്ധിതനാണ്. അല്ലാതെ നിങ്ങൾ ഉദ്ദേശിക്കുന്നതുപോലെ അത്ര പിടിവാശിയൊന്നും ഒരു കാര്യത്തിലുമില്ല. ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിനു കാരണം മുഖ്യമന്ത്രിയുടെ പ്രസ്താവനയാണ്. മുഖ്യമന്ത്രിയുടെ പ്രസ്താവനയും എന്റെ നയവുമായിട്ട് ഒരു അഭിപ്രായവ്യത്യാസവുമില്ല. ഇന്ന് ദേശാഭിമാനി പത്രത്തിൽ എഴുതിയിരിക്കുന്നതുപോലുള്ള അഭിപ്രായവ്യത്യാസ മൊന്നുമില്ല. ഈ രാജ്യത്ത് ഭൂരിപക്ഷം സംസ്ഥാനങ്ങളും ഇതിപ്പോൾ നടപ്പിലാക്കുന്നില്ലെങ്കിൽ നമ്മളും നടപ്പിലാക്കുന്ന തീയതി നീട്ടുന്നതിനെക്കുറിച്ച് ആലോചിക്കാം. ഏതായാലും 'വാറ്റ്' നടപ്പിലാക്കേണ്ടതാണ്. സംസ്ഥാനത്തിന് മാത്രമല്ല രാജ്യത്തിനുതന്നെ ഗുണകരമാണെന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്ന ഒരാളാണ് ഞാൻ.

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ നിരവധി ട്രൈബ്യൂണലുക ളിലുമായി പതിനായിരക്കണക്കിന് ലിറ്റിഗേഷനുകളാണ് ടാക്സുമായി ബന്ധപ്പെട്ട് കിടക്കുന്നത്. ഇതെല്ലാം ഡിസ്പോസ് ചെയ്താൽ സർക്കാരിന് പതിനായിരക്കണക്കിന് കോടിരൂപ ലഭിക്കും. ഇതിന്റെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽത്തന്നെ ഒരു മോണിറ്ററിംഗ് സംവിധാനമുണ്ടാക്കി ഈ കേസുകളെല്ലാം ഡിസ്പോസ് ചെയ്യുന്നതിനുള്ള ഒരു സംവിധാനമേർപ്പെടുത്തുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഒരു പ്രത്യേക സംവിധാനമുണ്ടാക്കിയിട്ടുണ്ട് അതിന് കോടതികളിൽത്തന്നെ ഏർപ്പാടുകളുണ്ടാക്കുന്നുണ്ട്. പ്രത്യേക ഉദ്യോഗസ്ഥൻമാരെ കോടതിയുടെ കേസുകൾ എത്രയുംവേഗം തീർക്കുന്നതിന് വേണ്ടി നിയോഗിച്ചിട്ടുണ്ട്. പ്രത്യേകം വക്കീലൻമാരെയും നിയോഗിച്ചിട്ടുണ്ട്. ഈ കേസുകൾ ഏറ്റവും വേഗത്തിൽ തീർക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. പക്ഷേ ഗവൺമെന്റിന് കിട്ടേണ്ട അരിയേഴ്സിൽ ആയിരംകോടിയോളം രൂപ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ് തരേണ്ടതാണ്.

ശ്രീ. ടി. കെ. ബാലൻ: സർ, നമ്മുടെ സംസ്ഥാനത്തിനാവശ്യമുള്ള മുഴുവൻ സാധനങ്ങളും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ഇതിൽത്തന്നെ Centre for Taxation Studies-ന്റെ ഒരു കണക്ക്, 40 ശതമാനത്തോളം

LIBRARY ARCHIVES Kerala Legislative Assembly

സാധനങ്ങൾ റയിൽവേ വഴിയാണ് കേരളത്തിൽ എത്തുന്നത്. ഈ വരുന്ന സാധനങ്ങളുടെ ബില്ലുകൾ പരിശോധിക്കാൻ നമ്മുടെ സെയിൽസ് ടാക്സിലെ ഉദ്യോഗസ്ഥൻമാരെ റെയിൽവേ ഉദ്യോഗസ്ഥൻമാർ അനുവദിക്കുന്നില്ല. ഇതിന്റെ ഭാഗമായി മുന്നൂറ് കോടിയോളം രൂപ റെയിൽവേയിൽ വേണ്ടത്ര ചെക്കിംഗ് നടത്താത്തതുമൂലം കേരളത്തിന് ടാക്സ് ഇനത്തിൽ നഷ്ടപ്പെടുന്നുണ്ട്. കേരളത്തിൽ നിയമം നടപ്പിലാക്കുന്നതിന് റെയിൽവേയിലുള്ള ഉദ്യോഗസ്ഥൻമാർ എതിരുനിൽക്കുകയാണ് അതുകൊണ്ട് അവരെ നിലയ്ക്ക് നിർത്തത്തക്ക രീതിയിൽ ഫലപ്രദമായ ഒരു ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, Empowered Committee-യിൽ ഈ പ്രശ്നം വരികയും അങ്ങനെ Empowered Committee-യുടെ ചെയർമാൻ തന്നെ കേന്ദ്ര റെയിൽവേ ബോർഡുമായി ഇക്കാര്യം ഡിസ്കസ് ചെയ്തു കൊണ്ടിരിക്കുകയാണ്. അന്തിമ മറുപടി വന്നിട്ടില്ല. എങ്കിലും അവിടെനിന്ന് വരുന്ന സാധനങ്ങൾ പരിശോധിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ആളുകൾ കൊണ്ടുവരുന്ന സാധനങ്ങൾ അല്ല, ആളുകളെ ബുദ്ധിമുട്ടിക്കുന്നില്ല. പാർസലിലും മറ്റും വരുന്ന സാധനങ്ങൾ ഗോഡൗണിൽനിന്നും പുറത്തിറക്കുമ്പോൾ അത് പരിശോധിക്കുന്നതിനുള്ള ചില സംവിധാനങ്ങൾ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എ. സുജനപാൽ : സർ, ഏറ്റവും കൂടുതൽ വിൽപ്പന നികുതി ചോർച്ചയും വെട്ടിപ്പും നടക്കുന്ന ഒരു ചെക്ക്പോസ്റ്റാണ് മാഹി ചെക്ക് പോസ്റ്റ്. അങ്ങ് ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ച സമയത്ത് അവിടെയുള്ള ടാക്സ് സ്ട്രക്ച്ചറിലൊക്കെ മാറ്റം വരുത്തുമെന്നും പ്രത്യേകിച്ച് അവിടെ ഒഴുകുന്ന മദ്യത്തിന് കൂടുതൽ നികുതി ചുമത്തുമെന്നുമൊക്കെ പ്രഖ്യാപിച്ചു. ആ തീരുമാനത്തിനു ശേഷം ആ ചെക്ക് പോസ്റ്റിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ? വരുമാനം വർദ്ധിച്ചിട്ടുണ്ടോ? ആ തീരുമാനത്തിന്റെ ഫലമായി അവിടെയുള്ള നികുതി വെട്ടിപ്പും നികുതി ചോർച്ചയും തടയാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, മാഹിയിൽ നിന്ന് സംസ്ഥാനത്തേക്ക് വരുന്ന സാധനങ്ങളുടെ flow വളരെ കുറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഇന്നലെവരെ അവിടെ കൊടുത്തുകൊണ്ടിരുന്ന കാട്ടയനുസരിച്ചാണ് മാഹിയിലേയ്ക്ക് സാധനങ്ങൾ വരുന്നത്. അത് പകുതിയായി കുറഞ്ഞുവെന്ന് മാത്രമല്ല അതിന്റെ പെർമിറ്റ് നൽകുന്നതിന് താഴെക്കിടയിലുള്ള ഉദ്യോഗസ്ഥൻമാർക്കുള്ള അധികാരം എടുത്തുകളയുകയും അത് എക്സൈസ് കമ്മീഷണർക്ക് നൽകുകയും ചെയ്തു. അതുപോലെതന്നെ ഇവിടെ കൊണ്ടുവരുന്നതിന് 2500 രൂപയായിരുന്നത് ഏതാണ്ട് 25,000 രൂപയായി ഉയർത്തിയിട്ടുണ്ട്. അപ്പോൾ ആ രീതിയിലുള്ള നടപടി സ്വീകരിച്ചപ്പോൾ അതിന്റേതായ ഫലമുണ്ട്. ഗവൺമെന്റിന് ആദായം കൂടുന്നുണ്ട്. കേരളത്തിലേയ്ക്കുള്ള കള്ളക്കടത്തിന്റെ flow കുറയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻ : സർ, നമ്മുടെ വിദേശ രാജ്യങ്ങളിൽ നിന്ന് ധാരാളം സ്വർണ്ണം നമ്മുടെ നാട്ടിലേക്ക് കടത്തിക്കൊണ്ട് വരുന്നുണ്ട്. അങ്ങനെ കേരളത്തിലേക്ക് വരുന്ന സ്വർണ്ണം കടകളിലെത്തി അത് വിറ്റഴിച്ചാൽ അതിന്റെ യഥാർത്ഥ നികുതി കിട്ടുന്നില്ല. യഥാർത്ഥനികുതി കിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? പല കാര്യങ്ങളിലും അങ്ങ് വളരെ കർക്കശക്കാരനായതു കൊണ്ടാണ് ഈ ചോദ്യം ചോദിക്കുന്നത്.

ശ്രീ. വക്കം പുരുഷോത്തമൻ : സർ, സ്വർണ്ണത്തിന് നാല് ശതമാനം നികുതിയായിരുന്നു. അതുകൊണ്ടുതന്നെ ടാക്സ് ഇവേഷൻ വളരെ കൂടുതലുണ്ടായിരുന്നു. അഞ്ചുപവന്റെ മാല വാങ്ങിയാൽ 25,000 രൂപ കൊടുക്കണം. അപ്പോൾ അതിന്റെ ടാക്സും വലിയ തുകയാകും. അപ്പോൾ വാങ്ങാൻ ചെല്ലുന്ന ആർക്കും ടാക്സ് കൊടുക്കുന്നതിൽ താൽപ്പര്യമില്ല. അവർക്കാണല്ലോ കാശ് പോകുന്നത്. അതുകൊണ്ട് ബിൽ ഇല്ലാതെ തരണമെന്നുള്ളതാണ് ഒരാവശ്യം. അതുകൊണ്ട് ഇവേഷൻ കൂടുതലായിരുന്നു. അതിന്റെ പേരിൽ ഞാൻ മന്ത്രിയായി വന്നതിനുശേഷം കേരളത്തിലെ ഏറ്റവും രണ്ട് വലിയ കടകളിൽ റെയ്ഡ് നടത്തി അതിന്റെ ഫലമായി അക്കൗണ്ടിൽപ്പെടാത്ത സാധനങ്ങൾ കണ്ടെടുക്കുകയും അതിന് ഭീമമായ ടാക്സ് ചുമത്തുകയും ചെയ്തിട്ടുണ്ട്. പക്ഷേ അഖിലേന്ത്യാ തലത്തിൽത്തന്നെ ഇത് ചർച്ച ചെയ്തതിന്റെ ഫലമായി സ്വർണ്ണത്തിന്റെ വില കൂടുന്നതുകൊണ്ട് ആ ടാക്സ് കമ്പോണന്റ് വളരെ വലുതായിപ്പോകുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ നാല് ശതമാനമെന്നുള്ളത് ഇൻഡ്യ മുഴുവൻ ഒരു ശതമാനമായി കുറച്ചിട്ടുണ്ട്. ഇപ്പോൾ ഒരു ശതമാനമായി കുറയുമ്പോൾ അത് വാങ്ങുന്നയാളുകൾക്ക് ബുദ്ധിമുട്ടുണ്ടാകുകയില്ല കടക്കാർക്കും വലിയ ബുദ്ധിമുട്ടുണ്ടാകുകയില്ല. കടക്കാരുടെ സംഘടനകൾ മുഴുവൻ ബില്ലും എഴുതാമെന്ന് സമ്മതിച്ചിട്ടുമുണ്ട്.

ശ്രീ. എം. മുരളി : സർ, 'വാറ്റ്' നിയമം നടപ്പിലാകാൻ പോകുന്ന സാഹചര്യത്തിൽ നമ്മുടെ ജനറൽ സെയിൽസ് ടാക്സ് ആക്ട് നിലനിർത്തുകയാണ്. അപ്പോൾ രണ്ട് നിയമങ്ങളും ഒരേസമയം കേരളത്തിൽ നിലനിൽക്കുകയാണ്. നമ്മുടെ നികുതിഘടനയെ നിയന്ത്രിക്കാൻ പോവുകയാണ്. ഈ രണ്ട് നിയമങ്ങലളും ഒരുപോലെ നിൽക്കുന്ന സാഹചര്യത്തിൽ നമ്മുടെ നികുതി പരിധിയിലും നികുതിയുമായും ബന്ധപ്പെട്ട് പല ആശയക്കുഴപ്പങ്ങളും ഉണ്ടാകും. അതുകൊണ്ട് അത് സംബന്ധിച്ച് പ്രായോഗികതലത്തിൽ പഠനം നടത്താനും നികുതി വകുപ്പിന്റെ നികുതിച്ചോർച്ച ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ കണ്ടുകൊണ്ട് നികുതി വകുപ്പിന്റെ പുനഃസംഘടനയ്ക്കു വേണ്ടി ആവശ്യമായ പഠനവും നിർദ്ദേശങ്ങളും സമർപ്പിക്കാൻ അങ്ങയുടെ കാലത്തുതന്നെ വിദഗ്ദ്ധരുടെ കമ്മിറ്റിയെ വീണ്ടും നിയമിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് പോലുള്ള കൺഫ്യൂഷൻ ഇതിലില്ല. ഇൻഡ്യ ഒട്ടുക്ക് രണ്ടുമൂന്ന് ഐറ്റം മാത്രമാണ് വാറ്റിന്റെ പരിധിയിൽനിന്നും മാറ്റിയിട്ടുള്ളത്. ലിക്വർ, പെട്രോളിയം പ്രോഡക്ട്സ്, ഏവിയേഷൻഫ്യുവൽ എന്നിവ മാത്രമാണ് വാറ്റിന്റെ പരിധിയിൽനിന്നും അതാതു സംസ്ഥാനങ്ങൾക്ക് സ്വതന്ത്രമായി തീരുമാനിക്കാനായി വിട്ടുകൊടുത്തിട്ടുള്ളത്.

ഏറ്റവും കൂടുതൽ ടാക്സ് കിട്ടുന്നഭോഗം ഓരോ സംസ്ഥാനങ്ങൾക്കും കിട്ടിക്കൊണ്ടിരിക്കുന്നത് കുറയാൻ പാടില്ല എന്നുള്ളതുകൊണ്ടാണ് ഇങ്ങനെ ഒരു തീരുമാനം ഇപ്പോൾ ഏകകണ്ഠമായി കമ്മിറ്റി എടുത്തത്. അതിൽ ഒരു കൺഫ്യൂഷനുമില്ല. ഇത് നടപ്പിലാക്കുന്നതിൽ ഒരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല. പിന്നെ പുതിയ സ്കീം ഉണ്ടാക്കുമ്പോൾ. ഒരു സ്കീമും പെർഫക്ടായി നമുക്ക് പ്രസന്റ് ചെയ്യാൻ പറ്റില്ല. അപ്പോൾ ഇത് നടപ്പാക്കുമ്പോൾ എന്തെങ്കിലും ബുദ്ധിമുട്ടുകളോ കുഴപ്പങ്ങളോ എവിടെയെങ്കിലും ഉണ്ടെങ്കിൽ അനുഭവത്തിന്റെ വെളിച്ചത്തിൽ അതിന് നടപടി സ്വീകരിക്കും. 'വാറ്റ്' നടപ്പിലാക്കുന്നതോടുകൂടി Empowered Committee പിരിച്ചുവിടില്ല. അത് ഒരു സ്ഥിരം സംവിധാനമാണ് ഇത് നടപ്പിലാക്കുമ്പോൾ ഓരോ സംസ്ഥാനത്തിനും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യാനും അതിന് പരിഹാരം ചെയ്യാനും Empowered Committee സ്ഥിരമായിത്തന്നെ ഉണ്ട്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, നികുതി വെട്ടിപ്പിനായിട്ടുള്ള സാധനങ്ങൾ കേരളത്തിലേയ്ക്ക് എത്തുന്നത് ടൂറിസ്റ്റ് ബസുകൾ, റെയിൽ എന്നിവ വഴിയാണ്. ചെറിയ റെയിൽവേ സ്റ്റേഷനുകളിൽ സെയിൽസ്ടാക്സ് സ്റ്റാഫ് ശ്രദ്ധിക്കാത്ത സ്ഥലങ്ങളിൽ തീവണ്ടി ക്രോസിംഗിനും മറ്റും നിർത്തുമ്പോൾ സ്റ്റേഷൻ മാസ്റ്ററേയും എഞ്ചിൻ ഡ്രൈവറേയും സ്വാധീനിച്ച് ധാരാളം സാധനങ്ങൾ ഇറക്കുന്നു. അതുകൂടാതെ unaccompanied baggage എന്ന നിലയിൽ വിദേശമലയാളികളുടെ പേരിൽ ധാരാളം സാധനങ്ങൾ കേരളത്തിലേക്ക് എത്തുന്നു. അത് ഇവിടെ വിറ്റഴിക്കുന്നു. ഇത് തടയാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

<u>ശ്രീ. വക്കം പുരുഷോത്തമൻ</u> : സർ, റെയിൽവേ സ്റ്റേഷനിലെല്ലാം ഒരുമിനിട്ട് നിർത്തുന്നിടത്ത് അവരുടെ കയ്യിലിരിക്കുന്ന ഏതെങ്കിലും സാധനങ്ങൾ എടുക്കുന്നവരെയെല്ലാം ഹരാസ് ചെയ്യണമെന്ന് ഉദ്ദേശിക്കുന്നില്ല. നേരെമറിച്ച് ഇത് കച്ചവടം നടത്തുന്നതായി ഇൻഫർമേഷൻ കിട്ടിയാൽ പ്രത്യേകമായി അതിനുള്ള നടപടി സ്വീകരിക്കും. പിന്നെ unaccompanied baggage അത് നമുക്ക് അവിടെ കയറി പരിശോധിക്കാനുള്ള അവകാശമില്ലാത്തതുകൊണ്ട് unaccompanied baggage-ൽനിന്നും പുറത്തിറങ്ങുമ്പോൾ പിടിക്കാനുള്ള സംവിധാനമുണ്ട്. അതിനുള്ള നടപടിയെടുക്കാം.

<u>ശ്രീ. കെ. ബാബു</u> : സർ, ഈ 31-ാം തീയതിക്കുശേഷം വാറ്റിന്റെ പേരിൽ സ്റ്റോക്ക് എടുക്കുന്നില്ല എന്ന് വ്യാപാരികൾ പ്രഖ്യാപിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങും ചേർന്ന് വ്യപാരികളുമായി ചർച്ച നടത്തുകയുണ്ടായി. ഈ 31-ാം തീയതിക്കുശേഷം വ്യാപാരി വ്യവസായികളുടെ കാര്യത്തിൽ ഗവൺമെന്റ് ഏത് രീതിയിലാണ് ഇത് കൈകാര്യംചെയ്യാൻ ഉദ്ദേശിക്കുന്നത്? പ്രത്യേകിച്ച് ബി.ജെ.പി. ഭരിക്കുന്ന അഞ്ച് സംസ്ഥാനങ്ങളിൽ 'വാറ്റ്' നടപ്പാക്കില്ല എന്നുള്ള പ്രഖ്യാപനം ദേശീയ തലത്തിൽ വന്നിട്ടുണ്ട്. ഈ നിയമം അവർക്ക് പ്രതികൂലമാണ് എന്നുള്ള തെറ്റിദ്ധാരണ വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ആശങ്കയും തെറ്റിദ്ധാരണയും മാറ്റി ഈ പ്രശ്നം സുഗമമായി നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ : സർ, വ്യാപാരി വ്യവസായികൾക്ക് ഒരു തെറ്റിദ്ധാരണയും ഇല്ല. അവരും ഗവൺമെന്റുമായി ഒരു അഭിപ്രായ വ്യത്യാസവും ഇല്ല. ഞങ്ങൾ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽത്തന്നെ അവരെ വിളിച്ച് സംസാരിച്ചു. അവരുടെ എത് ഡിമാന്റും ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറായിരുന്നു. അവർക്ക് ഒറ്റ ഡിമാന്റ് മാത്രമേയുള്ളൂ. ഭൂരിപക്ഷം യൂണിയൻ ടെറിട്ടറികളിലും ഇത് നടപ്പിലാക്കുകയാണെങ്കിൽ മാത്രമേ കേരളത്തിൽ നടപ്പിലാക്കാവൂ എന്ന ഏക റിക്വസ്റ്റ് മാത്രമേ അവർക്കുള്ളൂ. അത് ഗവൺമെന്റ് സമ്മതിച്ചു. വളരെ സൗഹാർദ്ദപരമായിട്ടാണ് പോയത്. അതല്ലാതെ അവരുമായി വേറെ അഭിപ്രായവ്യത്യാസം ഒന്നുമില്ല. മാത്രമല്ല ഇൻഡ്യയിൽ ചെറുകിട കച്ചവടക്കാരോട് ഇത്രയും അനുഭാവം കാണിച്ചിട്ടുള്ള വേറെ ഒരു സർക്കാരും ഇല്ല. ഈ നിയമസഭയിലെ നമ്മുടെ ബഹുമാനപ്പെട്ട അംഗങ്ങളുടെ വികാരം മാനിച്ചുകൊണ്ട് എക്സംപ്ഷൻ ലിമിറ്റ് അഞ്ചുലക്ഷത്തിൽനിന്നും പത്തുലക്ഷമായി ഉയർത്തി. ഇത് ഞാൻ തന്നെ ഡൽഹിയിൽ വിളിച്ചു പറയുകയും 7-ാം തീയതി കൂടിയ Empowered Committee-യിൽ എല്ലാ സംസ്ഥാനങ്ങളും ഈ എക്സംപ്ഷൻ ലിമിറ്റ് അഞ്ചുലക്ഷം രൂപയിൽനിന്നും പത്തുലക്ഷം രൂപയാക്കി ഉയർത്തണമെന്ന് റിക്വസ്റ്റ് ചെയ്യുകയും ചെയ്തു. പക്ഷേ ഒരു സംസ്ഥാനവും അതിന് തയ്യാറായില്ല. അഞ്ചുലക്ഷം രൂപയിൽ നിന്നും പത്തുലക്ഷം രൂപയാക്കി ഉയർത്താൻ ഒരു സംസ്ഥാനവും തയ്യാറായില്ല എന്നു മാത്രമല്ല, അങ്ങനെ ഉയർത്തിയാൽ സംസ്ഥാനത്തിന് ഉണ്ടാകുന്ന നഷ്ടം കേന്ദ്ര ഗവൺമെന്റ് നികത്തിത്തരികയില്ല എന്ന് അറിയിച്ചിട്ടുണ്ടെന്ന് Empowered Committee ചെയർമാൻ പറയുകയും ചെയ്തു. അപ്പോൾ നഷ്ടം സഹിച്ചും ചെറുകിട കൃഷിക്കാരെ ഉപദ്രവിക്കരുത് എന്ന നിലപാട് എടുത്ത ഏക സംസ്ഥാനം ഇൻഡ്യയിൽ കേരളം മാത്രമാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, അടുത്ത 1-ാം തീയതി മുതൽ 'വാറ്റ്' നടപ്പിലാക്കുകയാണ്. ഇതുമായി ബന്ധപ്പെടുത്തി വളരെ വിപുലമായ ആശയക്കുഴപ്പവും നിലനിൽക്കുന്നു. എന്റെ ചോദ്യം. ഇപ്പോൾ റബ്ബറധിഷ്ഠിത ഉൽപ്പന്നങ്ങൾക്ക് ഉൽപ്പാദകരാണ് നികുതി കൊടുക്കുന്നത്. First point-ൽ നികുതി വരുമെന്ന് പറയുമ്പോൾ റബ്ബർ വിൽക്കുന്ന കർഷകർ നികുതി കൊടുക്കേണ്ടി വരുമോ? ഇവിടെ ശ്രീ. രാജു എബ്രഹാം ഒരു ചോദ്യം ചോദിച്ചിരുന്നു. അതിന് മറുപടി പറഞ്ഞില്ല. കൃത്യമായി മറുപടി കിട്ടേണ്ട ഒരു വിഷയമാണ്. കുരുടൻ ആനയെ കണ്ടതുപോലെ ഓരോ ആളുകളും ഓരോ തരത്തിലാണ് വ്യാഖ്യാനിക്കുന്നത്. കേരളത്തിലെ വ്യാപാരി വ്യവസായി സമൂഹം ഒരു പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നു. ആ പ്രചരണം നോട്ടീസ് രൂപത്തിൽ എല്ലാ എം.എൽ.എ.-മാർക്കും അയച്ചുതന്നതാണ്. അത് വായിച്ചപ്പോൾ അതിൽ ഉപഭോക്താവിനാണ് മുഴുവൻ നഷ്ടവും വരുന്നത്. ആ നിലയിൽ വിപുലമായ പ്രചരണം നടക്കുന്നു. എന്റെ ചോദ്യം റബ്ബർ കൃഷിക്കാർക്ക് first point-ൽ ടാക്സ് വരുമോ എന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. വക്കം പുരുഷോത്തമൻ</u> : സർ, ഇത് എല്ലാ സ്ഥലത്തും നടത്തിയാൽ മാത്രമേ നമുക്ക് ഇവിടെ നടത്താൻ പറ്റുകയുള്ളൂ. അല്ലാതെ ഓരോ കൃഷിക്കാരെയും നമുക്ക് പ്രത്യേകമായി പരിഗണിക്കാൻ കഴിയില്ല. പക്ഷേ, റബ്ബർ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പന്ത്രണ്ടര ശതമാനം നികുതി ഉണ്ടായിരുന്നത് നാല് ശതമാനമായി കുറച്ചു. അതിൽ കൂടുതൽ എന്താണ് അവർക്ക് സൗജന്യം ചെയ്യേണ്ടത്.

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള</u> : സർ, 'വാറ്റ്' നടപ്പിലാക്കുമ്പോൾ അതിൽ സംസ്ഥാന ഗവൺമെന്റിന് ഓരോ വർഷവും ഉണ്ടാകുന്ന പ്രൊപ്പോർഷൻ ശതമാനക്കണക്കിന് കേന്ദ്ര ഗവൺമെന്റ് പരിഹരിച്ചുകൊടുക്കും എന്നാണ് വാഗ്ദാനം. പക്ഷേ Economic Times-ൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഈ ആവശ്യത്തിനുവേണ്ടി കേന്ദ്ര ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത് 5,000 കോടി രൂപയാണ്. മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ് എന്നീ രണ്ടു സംസ്ഥാനങ്ങൾക്കുമാത്രം 10,000 കോടി രൂപ കൊടുക്കേണ്ടിവരും എന്ന് അതേ റിപ്പോർട്ടിൽത്തന്നെ പറയുന്നുണ്ട്. അങ്ങനെ വരുമ്പോൾ ഇൻഡ്യയിൽ എല്ലാ സംസ്ഥാനങ്ങളിലും 'വാറ്റ്' നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ഭീമമായ നഷ്ടം നികത്തുന്നതിനുള്ള സംഖ്യ ബഡ്ജറ്റിൽ വയ്ക്കാത്തിടത്തോളംകാലം വെളുക്കാൻ തേച്ചത് പാണ്ട് ആകുകയും കിട്ടിക്കൊണ്ടിരിക്കുന്ന ഭീമമായ വരുമാനം നമുക്ക് നഷ്ടപ്പെടുകയും സംസ്ഥാനത്തെ സാമ്പത്തികസ്ഥിതി കുറേക്കൂടി ബുദ്ധിമുട്ടിലാകുകയും ചെയ്യും. കുറുപ്പിന്റെ ഉറപ്പുപോലെ ഉറപ്പ് മാത്രം കിടക്കും പണം കിട്ടുകയുമില്ല എന്ന സ്ഥിതി വന്നാൽ നമുക്ക് വളരെ ബുദ്ധിമുട്ടുണ്ടാകും. ഇത് ഗവൺമെന്റ് കരുതണം. അതുകൊണ്ട് ഉത്തരത്തിലിരിക്കുന്നത് എടുക്കാൻ ശ്രമിക്കുകയും കക്ഷത്തിലിരിക്കുന്നത് പോകുകയും ചെയ്യുന്ന ഒരു സ്ഥിതി 'വാറ്റ്' നടപ്പിലാകുന്നതോടുകൂടി ഉണ്ടായാൽ അത് വളരെ ഗുരുതരമായ സ്ഥിതിയിൽ എത്തും എന്നുള്ള പ്രശ്നം ഗവൺമെന്റ് ഓർക്കണം എന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. അതുകൊണ്ട് വളരെ ആലോചിച്ചശേഷം മാത്രമേ വാറ്റ് നടപ്പാക്കാവൂ എന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. വക്കം പുരുഷോത്തമൻ</u> : സർ, സംസ്ഥാന സർക്കാരിന് 'വാറ്റ്' നടപ്പിലാക്കിയാൽ 840 കോടി രൂപ കുറവുവരും, അത് കണക്കാക്കുന്നത് നമുക്കുള്ള ഗ്രോത്ത് റേറ്റ് അനുസരിച്ചാണ്. അല്ലാതെ ഇപ്പോഴുള്ള നിരക്ക് വച്ചല്ല. നമുക്ക് ഗ്രോത്ത് അനുസരിച്ച് അടുത്ത വർഷം എത്ര കിട്ടണം എന്നുള്ളതുകൂടി കണക്കാക്കി നമുക്കെത്ര നഷ്ടംവരുമോ അത് കോംപൻസേറ്റ് ചെയ്യാം എന്നാണ് കേന്ദ്ര ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. അങ്ങനെ കണക്കാക്കുമ്പോൾ ഏതാണ്ട് 840 കോടിയോളം രൂപ സംസ്ഥാന ഗവൺമെന്റിന് നഷ്ടം വരുമെന്ന് കണക്കാക്കി ആ വിവരം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുമുണ്ട്. പക്ഷേ 'വാറ്റ്' സിസ്റ്റം നടപ്പിലാക്കുമ്പോൾ അത് കൂടുതൽ ട്രാൻസ്പാരന്റാക്കുന്നതുകൊണ്ട് പല ഇവേഷനുകളും ഇല്ലാതാകുന്നതുകൊണ്ട് നമ്മൾ പ്രതീക്ഷിക്കുന്ന രീതിയിലുള്ള നഷ്ടം വരുമെന്ന് ഗവൺമെന്റ് കണക്കാക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് 5000 കോടി രൂപയേ വച്ചിട്ടുള്ളൂ. അത് വലിയ കാര്യമാണോ, ദീർഘകാലം മന്ത്രിയായിരുന്ന ബഹുമാനപ്പെട്ട അങ്ങേക്ക് അറിഞ്ഞുകൂടെ ?

ആയിരം രൂപ ടോക്കൺ പ്രൊവിഷൻ വയ്ക്കുന്നതിന് നമ്മൾ 25 കോടി രൂപ ചെലവാക്കാറില്ലേ? അതുകൊണ്ട് അതിൽ പ്രശ്നമില്ല. 5000 കോടി രൂപയാണെങ്കിലും കേന്ദ്ര ഗവൺമെന്റ് നഷ്ടം തരാമെന്നുപറഞ്ഞാൽ അവർക്ക് എത്ര രൂപ വേണമെങ്കിലും തരാൻ കഴിയും. അത് ഒരു പ്രശ്നമാണോ ഭരണത്തിൽ.

ശ്രീ. ടി. കെ. ദേവകുമാർ: സർ, 'വാറ്റ്' നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് വളരെ വലിയ ആശങ്കയാണ് ജനങ്ങളുടെയിടയിൽ ഉണ്ടായത്. ഇപ്പോൾത്തന്നെ എം.ആർ.എഫ്. പോലുള്ള ടയർ കമ്പനികൾ കൊടുത്തു കൊണ്ടിരിക്കുന്ന പന്ത്രണ്ടര ശതമാനം ടാക്സ് നാല് ശതമാനമാക്കി കുറയ്ക്കുമ്പോൾ അത് കൃഷിക്കാർ കൊടുക്കേണ്ടി വരുന്നു എന്നുള്ള ഗുരുതരമായ ഒരു സ്ഥിതിവിശേഷം ഉണ്ടെന്നും അതുപോലെ ചെറുകിട വ്യാപാരി സമൂഹം ഇല്ലാതാകാൻ പോകുന്നു എന്നും വ്യാപകമായ പ്രചരണം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ കാലമത്രയും യു.ഡി.എഫ്.-നെ രാഷ്ട്രീയമായി സഹായിച്ചിരുന്ന ഒരു സംഘടനയും അതിന്റെ നേതാക്കൻമാരുമാണ് ഈ വിപുലമായ പ്രചരണവുമായി രംഗത്ത് വന്നിരിക്കുന്നത്. ഉപഭോക്താക്കളൊക്കെ ചൂഷണത്തിന് വിധേയരാകുന്നു എന്നും ചെറുകിട വ്യാപാരി സമൂഹം ഇല്ലാതാകാൻ പോകുന്നു എന്നും ഇതൊക്കെ കുഴപ്പമാണെന്ന് വരുത്തിത്തീർക്കാൻ നടത്തുന്ന പരിശ്രമങ്ങൾ ആളുകളുടെ ഇടയിൽ വലിയ ആശയക്കുഴപ്പം ഉണ്ടാക്കിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ച വസ്തുത എന്താണെന്നും കൃഷിക്കാരേയും, സാധാരണക്കാരേയും ഇത് എങ്ങനെ ബാധിക്കുമെന്നും ആളുകൾക്ക് ഒരു അവയർനസ്സ് ഉണ്ടാക്കാനും ഒരു വ്യക്തത ഉണ്ടാക്കാനുമായിട്ടുള്ള ഒരു കാംപെയിൻ സർക്കാർ മുൻകയ്യെടുത്തുകൊണ്ട് ആരംഭിക്കാൻ തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഇന്നത്തെ ദേശാഭിമാനി ബഹുമാനപ്പെട്ട മെമ്പർ വായിച്ചുകാണും എന്നാണ് എന്റെ ഉദ്ദേശം. വായിച്ചില്ലെങ്കിൽ വായിക്കണം. 'വാറ്റ്' നടപ്പിലാക്കണം, അതാണ് ഈ രാജ്യത്തിന് നല്ലത് എന്നാണ് ഇന്ന് എഴുതിയിട്ടുള്ളത്. അതുകൊണ്ട് നമ്മൾ നടപ്പിലാക്കണം എന്നുതന്നെയാണ്. ഏത് പുതിയ സ്കീം നടപ്പിലാക്കിയാലും അതിന്റെ പ്രാഥമിക ബുദ്ധിമുട്ടുകൾ ഉണ്ടാകും. അത് നടപ്പിലായിക്കഴിയുമ്പോൾ ആ ബുദ്ധിമുട്ടുകൾ ഓരോന്നായി ഒഴിവാക്കി മാത്രമേ അത് പെർഫെക്ടായ ഒരു സ്കീം ആക്കിമാറ്റാൻ കഴിയുകയുള്ളൂ. ഇത് നടപ്പിലാക്കിയാൽ അങ്ങനെയുള്ള യാതൊരു ബുദ്ധിമുട്ടുകൾ ഒന്നും ഉണ്ടാകില്ല. ആളുകൾക്കുള്ള ആശങ്ക മാറ്റുന്നതിന് നമ്മൾ നിരന്തരമായി പരസ്യം കൊടുത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ ആളുകളുടെ തെറ്റിദ്ധാരണ മാറ്റുന്നതിനായി ഇപ്പോൾ ജില്ലകൾതോറും നമ്മൾ തന്നെ കോൺഫറൻസുകൾ നടത്തി എല്ലാ കച്ചവടക്കാരേയും ബോധവൽക്കരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. അതൊക്കെ ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. ജോണി നെല്ലൂർ: സർ, നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിന് വേണ്ടി ധാരാളം നടപടികൾ സ്വീകരിച്ചതായി അങ്ങ് ഇവിടെ പറയുകയുണ്ടായി. എങ്കിൽപ്പോലും നമ്മുടെ ചെക്ക്പോസ്റ്റുകളിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യാപകമായ ആക്ഷേപങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ചെക്ക്പോസ്റ്റുകളിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനരീതിയെ നിരീക്ഷിക്കുവാൻ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

വല്ല സംവിധാനവും ഒരുക്കിയിട്ടുണ്ടോ? നമ്മുടെ വിജിലൻസ് സംവിധാനം ആ കാര്യത്തിൽ പ്രയോജനപ്പെടുത്തുവാൻ എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അത് പരിഗണിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, ചെക്ക് പോസ്റ്റുകളിൽ പ്രശ്നങ്ങൾ ഉണ്ട്, ഞാൻ സമ്മതിക്കുന്നു. ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ നമ്മൾ സ്വീകരിച്ചുവരികയാണ്. കഴിഞ്ഞവർഷം 89 കോടി രൂപയായിരുന്നു ചെക്ക്പോസ്റ്റുകളിൽനിന്ന് കിട്ടിയത്. ഇത് ജനുവരിവരെ നമ്മൾ കണക്കാക്കി നോക്കിയപ്പോൾ തന്നെ 115 കോടി രൂപയായി കിട്ടിയിട്ടുണ്ട്. അപ്പോൾ കഴിഞ്ഞ കൊല്ലം ജനുവരിയിലെ കളക്ഷനുമായി താരതമ്യപ്പെടുത്തി നോക്കുകയാണെങ്കിൽ 58 ശതമാനം വർദ്ധനവാണ്. അത് കുറേ നമ്മൾ കർശനമായി തടയുന്നു എന്നതിന്റെ റിസൾട്ടാണ് ജനുവരിയിൽ ഉള്ളതിൽത്തന്നെ ഏതാണ്ട് 58 ശതമാനം വർദ്ധനവുണ്ടായത്. അതുകൊണ്ട് കുറേ നടപടികൾ നമ്മൾ സ്വീകരിച്ചുകഴിഞ്ഞു. പക്ഷേ കൂടുതൽ നടപടികൾ സ്വീകരിക്കണം. നമ്മളെപ്പോലെ അല്ലെങ്കിൽ നമ്മളെക്കാൾ ബുദ്ധിമാൻമാരാണ് ഈ കള്ളക്കടത്ത് എങ്ങനെ നടത്തണം എന്നുള്ള കാര്യത്തിൽ അവർ. അത് തടയുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. പാലക്കാട് ചെക്ക്പോസ്റ്റാണ് നമ്മുടെ മെയിൻ വരുമാനം ഈ നിയമസഭാ സമ്മേളനം കഴിഞ്ഞതിനുശേഷം പാലക്കാട് പോയി അവിടെ ഇന്നുള്ള സിസ്റ്റത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ കഴിയും എന്ന് പരിശോധിച്ച് അത് നടപ്പിലാക്കുന്നതാണ്.

ശ്രീ. സ്റ്റീഫൻ ജോർജ് : സർ, ഇവിടെ സൂചിപ്പിച്ചതുപോലെ വ്യാപാരി വ്യവസായികളുടെയും കൃഷിക്കാരുടെയും എതിർപ്പ് പ്രമാണിച്ച് ഇൻഡ്യയിൽ കേരളം ഒഴികെ മറ്റെല്ലാ സംസ്ഥാനങ്ങളിലും 'വാറ്റ്' നടപ്പാക്കിയാൽ മാത്രമേ കേരളത്തിൽ നടപ്പാക്കൂ എന്ന് തീരുമാനിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, ഇല്ല, കമിറ്റ്മെന്റ് പറഞ്ഞതുപോലെ ചെയ്യുക. ഭൂരിപക്ഷം സംസ്ഥാനങ്ങളിലും നടപ്പിലാക്കിയില്ല എങ്കിൽ നമ്മളും മാറ്റിവയ്ക്കും. എന്നാലും നടപ്പിലാക്കില്ല എന്ന് ഞാൻ പറയില്ല. അങ്ങനെയാണെങ്കിൽ മാറ്റിവയ്ക്കും. അതല്ലാതെ എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കിയാലേ കേരളത്തിൽ നടപ്പിലാക്കൂ എന്ന് ഒരു നിലപാടെടുക്കാൻ സാദ്ധ്യമല്ല.

ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം

2 (*537) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം നൽകുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly